# ‘ഡാഡ് അങ്ങില്ലാതെ എങ്ങനെ?’
# ‘മമ്മി ഇല്ലെങ്കിൽ പിന്നെ.!?’

### ബിഷപ്പ് അലക്സ് വടക്കുംതല

ആഗോള ഫുട്ബോൾ അങ്കത്തട്ടിൽ കരുത്തനായ കളിക്കാരൻ, ദേശഭേദമന്യേ ഏവർക്കും ആവേശമായ അർജന്റൈൻ സൂപ്പർ താരം ലയണൽ മെസിയുടെ ഒരു കുറിപ്പ് ഏവരെയും അതിശയിപ്പിച്ചു.

‘ഡാഡ്, അങ്ങ് പോയെന്ന് എനിക്കിപ്പോഴും വിശ്വസിക്കാനാവുന്നില്ല! ആ സത്യം ഉൾക്കൊള്ളാൻ കഴിയുന്നില്ല. അത് അംഗീകരിക്കാൻ ആഗ്രഹവുമില്ല. ഡാഡി കൂടെ ഇല്ലെന്നും ഇനി സംസാരിക്കാനാവില്ലെന്നും എനിക്ക് ചിന്തിക്കാനാവില്ല. ഡാഡീ, അങ്ങില്ലാതെ എന്തു ചെയ്യുമെന്ന് എനിക്കറിയില്ല! ഇനി, എങ്ങനെ മുന്നോട്ടു പോകണമെന്നറിയില്ല. അങ്ങില്ലാതെ എത്രനാൾ കൂടി ഫുട്ബോൾ കളിക്കാൻ സാധിക്കുമെന്ന സംശയത്തിലാണ് ഞാൻ!....‘

2026 ആഗസ്ത് 8 നായിരുന്നു ലയണൽ മെസിയുടെ വത്സല പിതാവ് ഹൊർഹെ മെസി അന്തരിച്ചത്. പതിമൂന്നാം വയസ്സിൽ എഫ്സി ബർസലോണയുടെ അക്കാഡമിയായ ല മസിയയിൽ എത്തിച്ചതും, 39 വയസ്സുവരെ സദാ കൂടെ കുതിച്ചതും 19,000 കോടി രൂപയുടെ ഫുട്ബോൾ കളി വഴി സമ്പാദിച്ച ആസ്തിയുടെ അധിപനായി കൂടെ നടന്നതും ഈ പിതാവായിരുന്നു. ആ പിതൃവിയോഗത്തിന്റെ വിങ്ങലിലാണ് ഫുട്ബോൾ മാമാങ്കത്തിൽ നിന്നും വിരമിക്കുന്നതിന്റെ സൂചനയുടെ ഈ ടിിറ്റർ കുറിപ്പ്!

മൂന്നാം വയസ്സിൽ പെറ്റമ്മ നഷ്ടപ്പെട്ട ഒരു പുരോഹിതനെ എനിക്കറിയാം. പിന്നീട്, പരിപാലിച്ചതും വളർത്തിയതും രണ്ടാനമ്മയായ പോറ്റമ്മയായിരുന്നു. നൊന്തു പ്രസവിച്ച സ്വന്തം അമ്മയുടെ സ്നേഹം മനസ്സിന്റെ പിന്നാമ്പുറത്തുള്ള ചെറിയൊരോർമ്മപ്പൊട്ടുപോലെ മാത്രമാണത്രേ! സ്വന്തം അമ്മയില്ലെങ്കിൽ പിന്നെ, എങ്ങിനെ?

2023 ജൂലായ് 31 ന് 91-ാം വയസ്സിലാണ് എന്റെ അമ്മച്ചി നിത്യതയിലേക്ക് യാത്രയായത്. തൊട്ടുചാരെ ഒരുമിച്ചു ചേർന്നിരിക്കുമ്പോഴും അകലെ ആയിരിക്കുമ്പോഴും ആ വലിയ വാത്സല്യസ്രോതസ്സ് എന്തൊരു ആശ്വാസമായിരുന്നു. അടുത്തിരിക്കുമ്പോൾ, ആ മൃദുകരങ്ങൾകൊണ്ട് കവിളിണയിൽ മെല്ലെ തലോടും! ചിലപ്പോൾ, മുടിയിഴകളിലൂടെ കൈവിരലുകൾ ഓടിച്ച്, ആത്മഗതം പറയും: ‘നരച്ചല്ലോ മുടിയൊക്കെ! ആലോചനയല്ലേ, ആലോചന!’ താമശ രൂപത്തിൽ ഞാൻ പറയും, ‘പിറന്നാൾ നോക്കിയാൽ നമ്മൾ തമ്മിൽ പത്തു ദിവസത്തെ വ്യത്യാസം മാത്രമേ ഉള്ളല്ലോ!‘ അമ്മച്ചി ജൂൺ മൂന്നിനും ഞാൻ പതിമൂനിനും! അപ്പോൾ വത്സല്യച്ചിരിയോടെ പറയും, ‘വർഷകണക്ക് കൂട്ടണ്ടല്ലോ, ല്ലേ?!‘ മറവി കാര്യമായി ബാധിച്ചിരുന്നെങ്കിലും, പണ്ടു പാടിയിരുന്ന പാട്ടൊന്നു പാടിയത് കൂടെ പാടും:

‘കൊച്ചു നക്ഷത്രമേ, നിന്നെയാരോ,
മച്ചിലിരുത്തിയതമ്മയാണോ?‘

മച്ചിലേറ്റിയിരുത്തുന്ന അമ്മമാർ നഷ്ടപ്പെടുന്നത് എന്തൊരു നൊമ്പരമാണ്! ചുറ്റും കൂരിരുൾ നിറയുമ്പോൾ, ഹൃദയം വിങ്ങി കണ്ണു നിറയുമ്പോൾ, മേലെ മാനത്ത് ആ നക്ഷത്രകണ്ണുകൾ ചിമ്മുന്നത് ആശ്വാസത്തിന്റെ ഇത്തിരി വെട്ടം പകർന്നു തരാനായി വന്നെത്തുന്നതാണ് എന്ന് തോന്നിപ്പോകും. അതാണല്ലോ അമ്മമാരുടെ വിട്ടുമാറാത്ത വാത്സല്യം!

വല്ലപ്പോഴും വീട്ടിൽ ഞാൻ പോകുമ്പോൾ കിടന്നുറങ്ങുന്ന കട്ടിലിൽ നിന്ന് നാലഞ്ചടി അകലെ ഒരു ചാരുകസേരയുമുണ്ട്. എന്റെ അപ്പച്ചൻ വിരമിച്ചശേഷം നീണ്ട പകൽ മണിക്കൂറുകൾ ആ ചാരുകസേരയിലായിരുന്നു ഇരിപ്പ്. അതിലിരുന്ന് വായിക്കും.  വായനയ്ക്കിടയിൽ ചാരി ഉറങ്ങും, ഉണരുമ്പോൾ, അമ്മച്ചിയുടെ മറവിക്കാലത്തും മറക്കാതെ കൊടുത്തിരുന്ന ചൂടു ചായ കുടിക്കും. വീണ്ടും, വായിക്കും. അല്പം കഴിഞ്ഞ് പിന്നെയുമുറങ്ങും!

ഡൽഹിയിലും റാഞ്ചിയിലുമൊക്കെയായി 12 വർഷത്തോളം നീണ്ട പ്രവാസകാലത്ത് എന്റെ പുസ്തകങ്ങൾ വീട്ടിലാണ് സൂക്ഷിച്ചിരുന്നത്.  ആ ഗ്രന്ഥശേഖരമാണ് ലോകത്തിലെ ആകെയുള്ള എന്റെ സമ്പാദ്യം. അപ്പച്ചൻ തന്നെ രണ്ട് വലിയ ചില്ലലമാരകൾ പണിയിപ്പിച്ച് അവയിൽ പുസ്തകങ്ങൾ സൂക്ഷിച്ചിരുന്നു. വിശദമായ പത്രപാരായണം കഴിഞ്ഞാൽ, പിന്നെ പുസ്തക വായനയായിരുന്നു അപ്പച്ചന്റെ പ്രിയ ഹോബി. ഒരിക്കൽ പൗലോ കൊയ്ലോയുടെ 'Eleven Minutes' എന്ന നോവൽ വായിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. മരിയ എന്ന ബ്രസീലിയൻ പ്രവാസി പെൺകുട്ടി മെച്ചപ്പെട്ടൊരു ജീവിതം സ്വപ്നം കണ്ട് സ്വിറ്റ്സർലൻഡിലെ ജനീവയിൽ വന്നെത്തുകയും അവിടെ വേശ്യാവൃത്തിയിലേക്ക് വഴുതിപ്പോവുകയും ഒടുവിൽ പ്രണയത്തിലൂടെയും ആത്മാന്വേഷണത്തിലൂടെയും സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർത്ഥതലങ്ങളിലേക്കും മൂല്യങ്ങളുടെ പാതയിലൂടെ ജീവിത സാഫല്യത്തിലേക്കും വരുന്ന ഇതിവൃത്തമാണ് ആ നോവലിൽ.  വളരെ ഭവ്യതയോടെ അപ്പച്ചനോട് ഞാൻ പറഞ്ഞു. 'ഈ നോവൽ വലിയ മെച്ചമില്ല! 'Alchemist' ആണ് ബെസ്റ്റ്!'. ഉടനെ മറുപടി: 'അതു ഞാൻ നേരത്തെ വായിച്ചതാണ്!'. അപ്പച്ചനെന്നെ വീണ്ടും അതിശയിപ്പിച്ചു!

അപ്പച്ചൻ ചെയ്തിരുന്ന രസാവഹമായ മറ്റൊരു കാര്യം കൂടി കുറിക്കാം. കസേരയിൽ ചാരിയിരുന്ന് ദിനപ്പത്രത്തിലെ ചരമ വാർത്തകൾ പരിശോധിച്ച്, 90 വയസ്സിനുമേൽ ജീവിച്ചിരുന്നവരുടെ പേര്, വീട്ടുപേര്, ദേശം, മതം, ജോലി, ലഭ്യമെങ്കിൽ വിദ്യാഭ്യാസ യോഗ്യത, എന്നിവ ഒരു നോട്ടു പുസ്തകത്തിൽ കോളമിട്ട് കുറിച്ചു വയ്ക്കുമായിരുന്നു. ആ നിരീക്ഷണങ്ങളിലൂടെ എന്തു നിഗമനമായിരുന്നു ലക്ഷ്യമെന്ന് ഇപ്പോഴും എനിക്കറിയില്ല! ഏതായാലും 96-ാം വയസ്സിൽ അപ്പച്ചൻ കടന്നുപോയി! 2014  മെയ് 23 ന്. കഴിഞ്ഞ 12 വർഷമായി ആ ചാരുകസേര ഒഴിഞ്ഞു കിടക്കുകയാണ്. ഞാൻ ഉറങ്ങാൻ പോകും മുൻപും, ഉണർ

ന്നെഴുന്നേല്ക്കുമ്പോൾ ആദ്യവും കാണുന്ന ഒഴിഞ്ഞ കസേര!

അപ്പനും അമ്മയും പിരിയുമ്പോൾ അറിയാതെ മനസ്സിലുയരുന്ന ചോദ്യമിതാണ്: 'ഡാഡ്, അങ്ങില്ലാതെ എങ്ങനെ? മമ്മി ഇല്ലെങ്കിൽ പിന്നെ, എങ്ങനെ?'

**മരണം ഒരു മടക്കയാത്ര**

ഭക്തകവി സാധുകൊച്ചുകുഞ്ഞുപദേശി രചിച്ച ആത്മീയ ഗാനങ്ങളുടെ മനോഹരമായ ഒരു പഠനം കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് രചിച്ച്, 2026 ആഗസ്ത് 22 ന് അദ്ദേഹത്തിന്റെ മെത്രാഭിഷേക ജൂബിലി വേളയിൽ പ്രസാധനം ചെയ്യുകയുണ്ടായി. 'നീർച്ചോല തേടുന്ന മാൻപേട' എന്ന ആ മനോഹരഗ്രന്ഥത്തിന്റെ രണ്ടാം അധ്യായം, 'മരണം: ദൈവത്തിലേക്കുള്ള മടക്കയാത്ര' എന്നാണ്. കർദ്ദിനാൾ ക്ലീമിസ് എഴുതുന്നു:

'നിത്യജീവിതത്തിലേക്കുള്ള തീർത്ഥയാത്രയിൽ മനുഷ്യന് തങ്ങാനുള്ള ഒരു വഴിയോരസത്രം മാത്രമാണ് ഈ ഭൂമിയിലെ ജീവിതം. മരണത്തിലേക്കുള്ള ഒടുവിലത്തെ യാത്രയ്ക്കുവേണ്ടി മിഴി പൂട്ടുമ്പോൾ അപ്രത്യക്ഷമാകുന്നത് കാഴ്ചകളുടെ ലോകം മാത്രമല്ല, മറിച്ച് അതുവരെ നേടിയെടുത്തതെല്ലാമാണ്. അതെല്ലാം കൈവെടിയേണ്ടിവരും. നിഴലുപോലെ കൂടെ നിന്ന പ്രിയപ്പെട്ടവർ അതുവരെ നേടിയെടുത്ത സ്നേഹബന്ധങ്ങൾ കൈവെള്ളയിൽ കരുതലോടെ സൂക്ഷിച്ചിരുന്ന സമ്പാദ്യങ്ങൾ . എല്ലാം ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് മാത്രമായി ഒരാൾ നടത്തുന്ന യാത്രയാണ് മരണം. അതായത് മരണം എന്നത് ദൈവത്തിന്റെ വാത്സല്യത്തിന്റെ കരവലയങ്ങളിലേക്കുള്ള മടക്കയാത്ര എന്ന് സാരം.' (നിർച്ചോല തേടുന്ന മാൻപേട ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല 2026, പേജ് 37).

സാധു കൊച്ചുകുഞ്ഞുപദേശി എഴുതി പാടിയതും ഈ യാഥാർത്ഥ്യമാണ്:

'ലോകത്തെ ഞാൻ ഓർക്കുന്നില്ല

കഷ്ടനഷ്ടമോർക്കുന്നില്ല

എപ്പോളെന്റെ കർത്താവിനെ

ഒന്നുകാണാമെന്നേയുള്ളൂ.'

ഈ വരികൾ വ്യാഖ്യാനിച്ചുകൊണ്ട് ക്ലീമിസ് പിതാവ് എഴുതുന്നു: 'അപ്പന്റെ കരുതലിന്റെ കരങ്ങൾക്കപ്പുറം, അമ്മയുടെ വാത്സല്യത്തിന്റെ മടിത്തട്ടിനപ്പുറം കർത്താവിന്റെ സ്നേഹച്ചൂടിനെ കൊച്ചുകുഞ്ഞുപദേശി ഹൃദയം കൊണ്ട് അനുഭവിച്ചറിയുന്നു സ്വർഗനാട് എന്ന ജ ഗേഹത്തെക്കുറിച്ചുള്ള ആഴമാർന്നതും ലാവണ്യമാർന്നതുമായ ബോധ്യം കൊച്ചുകുഞ്ഞുപദേശിയുടെ അകമിഴികളിൽ സദാ തെളിഞ്ഞു നിന്നിരുന്നു'. (പേജ് 44)

ബെനഡിക്ട് പതിനാലാമൻ പാപ്പ അദ്ദേഹത്തിന്റെ 'പ്രത്യാശയിൽ രക്ഷ' (Spe Salvi) എന്ന പ്രബോധനത്തിൽ, വിശുദ്ധ അംബ്രോസിനെ ഉദ്ധരിച്ചെഴുതുന്നു: 'മരണം വിലാപത്തിനുള്ള കാരണമല്ല. എന്തെന്നാൽ അത് മനുഷ്യവംശത്തിന്റെ രക്ഷയുടെ കാരണമാണ്. കൃപാവരത്തിന്റെ സഹായം ഇല്ലാതിരുന്നാൽ മരണമില്ലായ്മ ഒരു അനുഗ്രഹമെന്നതിലേറെ ഒരു ഭാരമാണ്‘. (പേജ് 40) അതിനാൽ, സമസ്തവും ദൈവകരങ്ങളിൽ സമർപ്പിക്കുതാണ് കരണീയം. കൊച്ചുകുഞ്ഞുപദേശി എഴുതി:

‘അപ്പനും അമ്മയും വീടും ധനങ്ങളും

വസ്തു സുഖങ്ങളും കർത്താവത്രേ

പൈതൽ പ്രായം മുതലിന്നേവരെ എന്നെ

പോറ്റിപ്പുലർത്തിയ ദൈവം മതി

ആരും സഹായമില്ലെല്ലാവരും പാരിൽ

കണ്ടും കാണാതെയും പോകുന്നവർ

എന്നാൽ എനിക്കൊരു സഹായകൻ വാനിൽ

ഉണ്ടെന്നറിഞ്ഞതിൽ ഉല്ലാസമേ.‘

ഉന്നതവാനിൽ കരുതുന്ന കർത്താവ്, എനിക്കുണ്ടെന്നുള്ളതാണ്, ഉത്തമവിശ്വാസിക്ക് ജീവിതത്തിലെ ഉത്സാഹം. അമ്മയില്ലാത്തവർക്ക് ഒരമ്മ; എല്ലാവർക്കും ദൈവം തുണ.

കാൽവരിക്കുരിശിലെ നൊമ്പരത്തിന്റെ നടുവിൽ യേശു യോഹന്നാനോട് മെല്ലെ മെല്ലെ മന്ത്രിച്ചത്, 'ഇതാ, നിന്റെ അമ്മ' എന്നാണല്ലോ. അത് നമുക്കേവർക്കുമുള്ള ആശ്വാസമന്ത്രണം കൂടിയാണ്. യോഹന്നാൽ ചെയ്തതുപോലെ യേശുവിന്റെ അമ്മയെ 'സ്വന്തമായി സ്വീകരിക്കണം' (യോഹ 19:27) എന്നു മാത്രം! നാമാരും അനാഥരാകാതിരിക്കാനാണ് യേശു തന്റെ അമ്മയെത്തന്നെ നമുക്ക് നൽകിയത്. കാലിത്തൊഴുത്തു മുതൽ കാൽവരി വരെ അരുമമകനെ അനുഗമിച്ച തന്റെ പ്രിയ അമ്മ നമ്മെയും അനുഗമിക്കും, സങ്കടങ്ങളിൽ ആശ്വസിപ്പിക്കും, നിരാശയിൽ പ്രത്യാശ പകരും എന്ന് യേശുവിന് ഉറപ്പുണ്ടായിരുന്നു. മൂന്നാം വയസ്സിൽ പെറ്റമ്മ നഷ്ടപ്പെട്ട വൈദീകന്, പരിപാലിക്കുന്ന ദൈവത്തിന്റെ അരുമസുതൻ സ്വർഗീയ അമ്മയെ തനിക്കു നൽകി, ആശ്വസിപ്പിച്ചു എന്ന് പങ്കുവെച്ചതും ഓർക്കുന്നു.

ലിയോ പതിനാലാമൻ പാപ്പയുടെ അംഗീകാരത്തോടെ, 2025 നവംബർ 4 ന്, വത്തിക്കാന്റെ വിശ്വാസ പ്രബോധന കാര്യാലയം ഇറക്കിയ ‘വിശ്വാസികളുടെ മാതാവ്‘ (Mater Populi Fidelis) എന്ന ലിഖിതത്തിൽ ‘കുരിശിലെ മണിക്കൂറിനെ‘ കുറിക്കുന്നു:

ആ മണിക്കൂറിലെ മറിയത്തിന്റെ സഹകരണം മംഗളവാർത്തയിലെ 'സമ്മത'ത്തിന്റെ നവീ കരണമായി പ്രകടമാകുന്നു. മറിയത്തെ നമുക്ക് അമ്മയായി ഏല്പിച്ചതിനു ശേഷം മാത്ര മാണ് യേശു, 'എല്ലാം പൂർത്തിയായി' (യോഹ 19:28) എന്നു പറയുന്നത് ഇതേ അർത്ഥ ത്തിൽ, വെളിപാടു പുസ്തകം 'സ്ത്രീ'യെ (വെളി 12:1) മിശിഹായുടെ അമ്മയായും (cf. വെളി 12:5), അവളുടെ സന്താനങ്ങളിൽ ശേഷിച്ചവരുടെ അമ്മയായും അവതരിപ്പിക്കുന്നു. (വെളി 12:17) (Mater Populi Fidelis, No.6)

ഭൂമിയിലെ അമ്മമാർ കാണാമറയത്ത് അകന്നാലും സ്വന്തമായൊരു സ്വർഗീയ അമ്മയുള്ള ത് എത്ര വലിയ ആശ്വാസമാണ്. അനുഗ്രഹമാണ്.

ബേബി ജോൺ കാലയാൻന്താനി എഴുതി, പീറ്റർ ചേരാനെല്ലൂരിന്റെ ഈണത്തിൽ, കെ സ്റ്റർ ആലപിച്ച എനിക്കിഷ്ടപ്പെട്ടൊരു ഗാനമുണ്ട്.

'പെറ്റമ്മ മറന്നാലും മറക്കാത്ത സ്നേഹമേ,

ക്രൂശിതനായവനേ, നീ എൻ ആശ്രയം

എല്ലാരും എന്നെ പിരിഞ്ഞപ്പോൾ

ആലംബമില്ലാതലഞ്ഞപ്പോൾ

ഒറ്റയ്ക്കിരുന്നു കരഞ്ഞപ്പോൾ നീ എന്റെ

ആശ്വാസ ധാരയായ് വന്നു'.

'നൊമ്പരത്താലുള്ളം പിടയുമ്പോൾ' നമ്മുടെ കാതുകളിൽ ആ സ്വരം മുഴങ്ങണം: 'നിന്നെ ഞാൻ കൈവെടിയില്ല'! ആരും തുണയില്ലാത്തവർക്ക്, ദൈവം തുണ!

ക്യാൻസർ ബാധിച്ചു സ്വന്തം സഹോദരി, സിസ്റ്റർ ജസ്സി ജോർജ് ഉടഠ, അകാലത്തിൽ മര ണമടഞ്ഞപ്പോൾ, ആ നൊമ്പര ചിന്തകളുമായി ഫാ. ജി. കടുപ്പാറയിൽ ങഇആട എഴുതി യ ഹൃദയ സ്പർശിയായ പുസ്തകമാണ്, 'കുന്തുരുക്കം: ജീവിതം-സഹനം-മരണം-പുന: രുത്ഥാനം'. അതിന്റെ ആദ്യ അധ്യായത്തിൽ കാല്പനിക കവിയായ ജോൺ കീറ്റ്സ് ക്ഷയ രോഗബാധിതനായി, വെറും 25-ാം വയസ്സിൽ, 1921 ഫെബ്രുവരി 23-ന് റോമിൽ വെച്ച് നി ര്യാതനായതിനെപ്പറ്റി വിവരിക്കുന്നുണ്ട്. മരണക്കിടക്കയിൽ വെച്ച് പങ്കുവെച്ച വാക്യമാണ്, അദ്ദേഹത്തിന്റെ സുഹൃത്ത് സെവേണും ശുശ്രൂഷിച്ച ഡോക്ടർ ജോൺ ക്ലാർക്കും ചേർ ന്ന് ചരമഫലകത്തിൽ (epitaph) എഴുതിയത് അത് ഇപ്രകാരമാണ്: 'Here lies one, whose name was written in water' - 'ജലത്തിൽ പേരെഴുതപ്പെട്ട ഒരുവൻ ഇവിടെ ശയിക്കുന്നു.' കടുപ്പാറയച്ചൻ എഴുതുന്നു: 'ജീവനുള്ള ആരും ശവകുടീരങ്ങളിലില്ല. അവർ എല്ലാവരും ജലത്തിൽ പേരെഴുതപ്പെട്ടവരാണ്. എഴുതിത്തീരും മുമ്പേ മാഞ്ഞുപോയവർ. എഴുതാൻ

ശ്രമിച്ച വെള്ളവും ഒഴുകിപ്പോവുകയോ, വറ്റിപ്പോവുകയോ ചെയ്തിട്ടുണ്ട്.'(കുന്തുരുക്കം Lifeday Books, Kottayam, 2020, p 13.)

ജോൺ കീറ്റ്സ് എഴുതിയ സുപരിചിതമായ ഈ വരികളും അനുസ്മരിക്കാം: 'ശ്രവിച്ച സംഗീതം മധുരമാണ്, ശ്രവിക്കാനിരിക്കുന്നത് അതീവ മധുരതരവും!' സുഹൃത്തിന്റെ നിര്യാണത്തിൽ ദു:ഖിതനായ കവി, പി.ബി ഷെല്ലി കുറിച്ച കവിതയാണ് 'Adonais'. അതിലെ ശ്രദ്ധേയമായ വരികൾ ഇതാണ്: 'The One remains, the many change and pass.' (പലതും മാറിപ്പോകുന്നു, കടന്നുപോകുന്നു; എന്നാൽ ഒരാൾ (ദൈവം) നിലനിൽക്കുന്നു!). To a skylark എന്ന ഷെല്ലിയുടെ കവിതയിലും വിരഹത്തിന്റെ വിങ്ങലുകൾ സ്പന്ദിക്കുന്നു! 'Our sweetest songs are those that tell of saddest thought' ('ഏറ്റവും ദു:ഖകരമായ ചിന്തകളുടെ ആലാപനമാണ് നമ്മുടെ ഏറ്റവും മധുരമുള്ള ഗാനങ്ങൾ') ഷെല്ലിയും അന്ത്യവിശ്രമം കൊള്ളുന്നത് അതേ ശ്മശാനത്തിൽ തന്നെ!

റോമിലെ ഈ സെമിത്തേരിയിൽ 'കരയുന്ന മാലാഖ' (Weeping Angel) ന്റെ ഒരു പ്രതിമയുണ്ട്. വില്ല്യം വൈറ്റ് മോർ സ്റ്റോറി എന്ന ശില്പി തന്റെ ഭാര്യയുടെ ഓർമ്മയ്ക്കായി 1894-ൽ നിർമ്മിച്ചതാണ് ഇത്. 'ജീവിതത്തിന്റെ തകർന്ന അൾത്താരയിൽ ദു:ഖിച്ചു വിലപിക്കുന്ന മാലാഖ' (The Angel of Grief Weeping over the Dismantled Altar of Life).

പ്രിയമുള്ളവർ പിരിയുമ്പോൾ 'വീപ്പിങ്ങ് എയ്ഞ്ചൽ' ആയി മാറാത്തവർ ആരുണ്ട്? എന്നാൽ പരിപാലിക്കുന്ന ദൈവത്തെ കണ്ടുമുട്ടുന്നവർക്ക് കണ്ണീരിനപ്പുറം പ്രത്യാശയുണ്ട്. കുരിശിൽകിടന്ന് യേശു സമ്മാനിച്ച സ്വർഗീയ അമ്മയെ സ്വന്തമാക്കുന്നവർക്ക്, കദനത്തിലും കരുത്തുണ്ടാകും. വിശ്വാസത്തോടെ പറയാനാകും: 'ഡാഡീ, മമ്മീ, സ്വർഗത്തിൽ നമുക്കൊരുമിക്കാം! ഇപ്പോൾ, വിട! ഒരു താൽക്കാലിക വിട!'